# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.192 | 08.03.2017- ൽ മറുപടിയ്ക്ക് |
|---|---|

## ലോട്ടറി ടിക്കറ്റുകളുടെ സമ്മാനഘടന

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.ജെ. മാക്സി<br>,, ഇ.പി.ജയരാജൻ<br>,, കെ.ഡി. പ്രസേനൻ<br>" ഐ.ബി. സതീഷ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ലോട്ടറി ടിക്കറ്റുകളുടെ സമ്മാനഘടന പുതുക്കുന്നതിനും പുതിയ ലോട്ടറികൾ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഭാഗ്യക്കുറി ഏജന്റുമാരുടെയും ഭാഗ്യക്കുറി മേഖലയിലെ ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും നിർദ്ദേശങ്ങൾ പരിഗണിച്ചു കൊണ്ടും ടിക്കറ്റ് വില്പനയെ സഹായിക്കുന്നതരത്തിലും, സർക്കാർ തീരുമാനത്തിന് വിധേയമായി പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടനകൾ കാലാകാലങ്ങളിൽ പരിഷ്ക്കരി ക്കാറുണ്ട് 'നിർമ്മൽ' എന്ന പേരിൽ പുതുതായി ഒരു ബൈവീക്കിലി ലോട്ടറി ആരംഭിച്ചിട്ടുണ്ട് പ്രസ്തുത ദ്വൈവാര ഭാഗ്യക്കുറിയുടെ വില്പനവിജയത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ദ്വൈവാര ഭാഗ്യക്കുറി ആരംഭിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. |
| (ബി) | ഭിന്നശേഷിക്കാർ അടക്കമുള്ള സാധാരണക്കാർക്ക് പുതുതായി ഏജൻസി അനുവദിക്കുന്നതിനും എല്ലാ ഏജന്റുമാർക്കും ലോട്ടറി ടിക്കറ്റുകൾ ലഭ്യമാക്കുന്നതിനും കമ്മീഷൻ പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ നിന്ന് ഭാഗ്യക്കുറി ഏജൻസി അനുവദിക്കുന്നതിന് നിയന്ത്രണങ്ങളൊന്നും നിലവിൽ ഏർപ്പെടുത്തിയിട്ടില്ല. 18 വയസ് പൂർത്തിയാക്കിയ ഏതൊരു വ്യക്തിക്കും തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ഫോട്ടോ, PAN കാർഡിന്റെ പകർപ്പ് എന്നിവ ഹാജരാക്കി, 300/- രൂപ രജിസ്ട്രേഷൻ ഫീസ് ഒടുക്കി ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ നിന്ന് ഭാഗ്യക്കുറി ഏജൻസി എടുക്കാവുന്നതാണ്. നിലവിൽ ഡിമാന്റിന് അനുസൃതമായി ടിക്കറ്റച്ചടി വർദ്ധിപ്പിക്കുന്നുണ്ട് കമ്മീഷൻ പരിഷ്ക്കരിക്കുന്ന കാര്യം ഇപ്പോൾ വകുപ്പിന്റെ പരിഗണനയിലില്ല. |
| (സി) | സമ്മാനത്തുക കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സമ്മാനത്തുക കാലതാമസം കൂടാതെ തന്നെ വിതരണം ചെയ്തുവരുന്നു. ആവശ്യമായ രേഖകൾ സഹിതം |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്ന സമ്മാന ടിക്കറ്റുകളിൽ LIMS എന്ന Software ഉപയോഗിച്ച് ടിക്കറ്റിന്റെ ബാർ കോഡ്, സീക്രട്ട് കോഡ് എന്നിവ പരിശോധിച്ച് ടിക്കറ്റിന്റെ കൃത്യത ഉറപ്പുവരുത്തി ആവശ്യമായ ഓഫീസ് നടപടികൾക്ക് ശേഷം വകുപ്പ് കാലതാമസം കൂടാതെ സമ്മാനത്തുക നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**